## പതിനാലാം കേരള നിയമസഭ

### പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. *265 13.03.2020-ൽ മറുപടി നൽകേണ്ടത്

### തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>,, ആർ. രാമചന്ദ്രൻ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | രാജ്യത്താകമാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | രാജ്യത്താകമാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പാഠ്യപദ്ധതിയായ National Skill Qualification Framework (എൻ.എസ്.ക്യൂ.എഫ്) നടപ്പാക്കുന്നതിനുള്ള കേന്ദ്ര പദ്ധതി ഘട്ടം ഘട്ടമായി കേരളത്തിൽ നടപ്പിലാക്കുന്നുണ്ട്. ആദ്യ ഘട്ടമായി 101 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി ഇതിൽ നിന്ന് ഏതൊക്കെ തരത്തിൽ വിഭിന്നമാണ് എന്നറിയിക്കുമോ; | (ബി) | VHSE പാഠ്യപദ്ധതിയിൽ നിന്ന് വ്യത്യസ്തമായി NSQF പാഠ്യപദ്ധതിയിൽ പഠിതാവിന് വ്യവസായിക അനുബന്ധ പ്രവർത്തനങ്ങളുമായി കൂടുതൽ താദാത്മ്യം പ്രാപിക്കുന്നതിന് സാധിക്കുന്നു. NSQF മുഖേന വിദ്യാഭ്യാസത്തിനും പരിശീലനത്തിനും ദേശീയതലത്തിൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള സംവിധാനം സൃഷ്ടിക്കപ്പെടുക മാത്രമല്ല, പഠിതാക്കൾക്ക് രാജ്യത്തെല്ലായിടത്തും സ്വീകാര്യമായ യോഗ്യത കൈവരിക്കുവാനും സാധിക്കുന്നു. കൂടാതെ ഇവർക്ക് ദേശീയവും അന്തർദേശീയവുമായ ചലനാത്മകത ഉറപ്പാക്കുകയും ചെയ്യുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ അക്കാദമിക-അടിസ്ഥാന സൌകര്യ നിലവാരം, വി.എച്ച്.എസ്.ഇ. പാഠ്യപദ്ധതി നടപ്പാക്കിയ സ്കൂളുകളുടേതുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | താരതമ്യ പഠനം നടത്തിയിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | അറിവ് നേടുന്നതിനൊപ്പം തൊഴിൽ നേടുക എന്നതിലേക്കായി കേന്ദ്രസർക്കാർ നടപ്പാക്കിയ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പ്രകാരമുള്ള കോഴ്സുകൾ കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) | ഉണ്ട്. 2018-19, 2019-20 അധ്യയന വർഷങ്ങളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ച ആകെ 17 എൻ.എസ്.ക്യൂ.എഫ് ജോബ് റോളുകൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. |
| (ഇ) | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രായോഗിക പരിശീലനം നൽകുന്നതിന് വേണ്ടത്ര ലാബ് സജ്ജീകരണങ്ങളും സ്കൂൾ വർക്ക്ഷോപ്പുകളും സംസ്ഥാനത്ത് സജ്ജമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. നിലവിലുള്ള വൊക്കേഷണൽ കോഴ്സുകളുമായി സാമ്യമുള്ള ജോബ് റോളുകളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ ലാബ് സംവിധാനങ്ങളിൽ സമഗ്രമായ മാറ്റം വേണ്ടിവന്നിട്ടില്ല. എന്നിരുന്നാലും NSQF അധിഷ്ഠിത ജോബ് റോളുകൾ നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളിൽ ലാബുകൾ നവീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.